**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1080** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പ് നടപ്പാക്കിവരുന്ന ജലജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). JJM ലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് **(**55.31 %**).**<br><br>പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 3 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിനു മുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്. (ആലപ്പുഴ, എറണാകുളം, തൃശ്ശൂർ). ഇപ്പോൾ 7 ജില്ലകൾ 50%- ന് മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ).3 ജില്ലകൾ 45%-ന് മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം). മറ്റു ജില്ലകൾ – 30%-ന് മുകളിൽ കവറേജ് കൈവരിച്ചു. പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 117 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചു. 408 പഞ്ചായത്തുകൾ 50%-ന് മുകളിൽ കവറേജ് കൈവരിച്ചു.<br><br>9 നിയമസഭാ മണ്ഡലങ്ങളും 100% കവറേജ് കൈവരിച്ചു. (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം).<br><br>വിവിധ സ്കീമുകളിലായി നാളിതുവരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ |

| | | | |
|---|---|---|---|
| | | | 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവൃത്തികൾ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ഇതു വരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും നൽകിയിട്ടുണ്ട്. (ആകെ – 11643.59 കോടി രൂപ). മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട് .<br><br>2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് നബാർഡിൽ നിന്ന് 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകികൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പയെടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിനും അനുമതി നൽകികൊണ്ട് 15/09/2025ലെ GO(Ms)No.67/2025/WRD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . |
| (ബി) | ഈ പദ്ധതി പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും പൂർണ്ണമായും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ജൽ ജീവൻ മിഷൻ (JJM) പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 44714.79 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്ന സമയത്ത് കേവലം 17.50 ലക്ഷം (25.06%) ഭവനങ്ങളിൽ മാത്രമാണ് കണക്ഷനുകൾ ഉണ്ടായിരുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ സംസ്ഥാനത്ത് 21.13 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ കണക്ഷനുകൾ ഉൾപ്പെടെ നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെ 38.62 ലക്ഷം കുടിവെള്ള കണക്ഷനുകളാണ് നിലവിലുള്ളത്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 55.31 ശതമാനമാണ്.<br><br>2020 ഏപ്രിലിൽ 100 ശതമാനം കവറേജുള്ള പഞ്ചായത്തുകൾ ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും, ഇപ്പോൾ സംസ്ഥാനത്തെ 117 പഞ്ചായത്തുകൾ 100 ശതമാനം കവറേജ് കൈവരിച്ചു. ജൽജീവൻ മിഷൻ ആരംഭിക്കുന്നതിന് മുൻപ് 50 ശതമാനത്തിനു മുകളിൽ കവറേജ് ഉണ്ടായിരുന്ന പഞ്ചായത്തുകൾ 116 ആയിരുന്നു. ഇപ്പോൾ അത് നൂറു ശതമാനം കവറേജ് കൈവരിച്ച പഞ്ചായത്തുകളുൾപ്പെടെ 525 ആണ്. ഏപ്രിൽ 2020-ൽ, 25 ശതമാനത്തിൽ താഴെ വീടുകളിൽ മാത്രം കുടിവെള്ള സൗകര്യമുള്ള |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളുടെ എണ്ണം 517 ആയിരുന്നു. ഇപ്പോൾ അത് 200 ആയി കുറഞ്ഞിട്ടുണ്ട്.<br><br>ജൽ ജീവൻ മിഷൻ ആരംഭിക്കുന്നതിന് മുൻപ് 25 ശതമാനത്തിൽ താഴെ വീട്ടുകളിൽ കുടിവെള്ള സൗകര്യമുള്ള നിയമസഭാ മണ്ഡലങ്ങളുടെ എണ്ണം 82 ആയിരുന്നു. ഇപ്പോൾ അത് 12 ആയി കുറഞ്ഞിട്ടുണ്ട്. 2020 ഏപ്രിലിൽ 100 ശതമാനം കവറേജ് ഉള്ള നിയമസഭാ മണ്ഡലങ്ങൾ ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും, ഇപ്പോൾ 9 നിയമസഭാ മണ്ഡലങ്ങൾ 100 ശതമാനം കവറേജ് കൈവരിച്ചു. ബാക്കിയുള്ള ഗ്രാമീണ വിട്ടുകളിലും മിഷന്റെ ദീർഘിപ്പിച്ച കാലാവധിയായ 2028 നുള്ളിൽ കണക്ഷൻ നൽകുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | സമഗ്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന വിദൂര വനമേഖലകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | സമഗ്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന വിദൂര വന മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയോടൊപ്പം , ജലനിധി, ഭൂജല വകുപ്പ് തുടങ്ങിയ ഏജൻസികളും സ്ഥലങ്ങൾ മനസിലാക്കി ചെറുകിട കുടിവെള്ള പദ്ധതികൾ ജൽ ജീവൻ മിഷൻ, PM JANMAN മുതലായവയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ